കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
e-mail : doekm.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)*

നം.കെ.എസ്.എ.ഇ.കെ.എം(പി6)1192/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി : 28.09.2019

ഡെപ്യൂട്ടി ഡയറക്ടർ

.
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : <u>ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇ.കെ.എം (പി6)1192/2019 തീയതി : 28/09/2019

## എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 16.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ജയ സി. ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-6-19 മുതൽ 29-6-19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. രതീഷ് സി. ആർ. ,<br>ഓഡിറ്റ് ഓഫീസർ<br>2. ഷാരിമോൾ കെ. ആർ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>3. ജോർജ്ജ് കുട്ടി ജോസഫ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജലജ മോഹൻ | 01.4.18 | 31.3.19 |
| വൈസ് പ്രസിഡന്റ് | ശ്രീ പി.കെ. മനോജ്കുമാർ | 01.4.18 | 31.3.2019 |

### സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്

| | | | |
|---|---|---|---|
| ധനകാര്യം | ശ്രീ പി.കെ. മനോജ് കുമാർ | 01.4.18 | 31.3.2019 |
| വികസന കാര്യം | ശ്രീമതി ഷൈജ അഷറഫ് | 01.4.18 | 31.3.2019 |
| ക്ഷേമകാര്യം | ശ്രീ ശാന്തകുമാർ | 01.4.18 | 31.3.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി ബീന മുകുന്ദൻ | 01.4.18 | 31.3.2019 |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീമതി സമീന ബി. | 1-4-18മുതൽ 31-3-19വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ ബീന വർഗ്ഗീസ് | 1-4-18 മുതൽ 24-6-18വരെ |
| | ശ്രീ ലിജോ ജോൺ | 25-06-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്,സി | ഡോ. സീന എൻ.എസ്. | 1-4-18മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ശ്രീമതി എ.കെ.റാണി | 1-4-18 മുതൽ 31-3-19വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി ഷൈമ ജെ. | 1-4-18 മുതൽ 10-07-18 വരെ |
| | ശ്രീ ജെയിംസ് ജോസഫ് | 11-7-18മുതൽ 31-3-19 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ശോഭിനി | 1-4-18 മുതൽ 6-03-19വരെ |
| | ശ്രീ എൽദോസ് ടി. പി. | 7-03-19മുതൽ 31-3-19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സീന | 01-4-18 മുതൽ 31-3-19 വരെ |
| വെറ്ററിനറി സർജൻ | ശ്രീ എബ്രഹാം റാഫേൽ | 1-4-18 മുതൽ 31-3-19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആമ്പല്ലൂർ | ശ്രീമതി രാജി | 1-4-18 മുതൽ 31-3-19വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കുലയറ്റിക്കര | ശ്രീ സിബിൻ | 1-4-18 മുതൽ 31-3-19 വരെ |
| ഐ .സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി ശുഭ കെ. നായർ | 1-4-18 മുതൽ 31-3-19 വരെ |
| ഹെഡ്മിസ്ട്രസ്സ്, കാഞ്ഞിരമറ്റം ജി.എൽ.പി.എസ് | ശ്രീമതി ആലീസ് എബ്രഹാം | 1-4-18 മുതൽ 31-3-19 വരെ |

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-12 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് | 1-13 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 15 | ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. | 2-2 |
| 16 | പെർമിറ്റ്/ റെഗുലറൈസേഷൻ-അപാകത | 2-3 |
| 17 | ആശുപത്രികൾക്ക് മരുന്നുവാങ്ങൽ - മരുന്ന് | 3-1 |

| | | |
|---|---|---|
| | ലഭ്യമാക്കുവാൻ അവശേഷിക്കുന്നു - തുക തടസ്സപ്പെടുത്തുന്നു. | |
| 18 | വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക -പഞ്ചായത്തിന് ഭീമമായ ബാധ്യത | 3-2 |
| 19 | NRHM അറ്റൻഡറുടെ വേതനം നൽകുന്നതിലെ അപാകത | 3-3 |
| 20 | മരാമത്ത് പ്രവൃത്തി ടെണ്ടർ കുറവ് – ബില്ലിൽ കുറച്ചില്ല | 3-4 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-5 |
| 22 | ഷീ പാഡ് പദ്ധതി- പദ്ധതി നടപ്പാക്കിയിട്ടില്ല | 3-6 |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.2018 ലെ തീരുമാനം 1 (1)പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15.05.2019 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചു. വിശദാംശങ്ങൾ ഖ. 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | 13948636 |
| വരവ് | 67727561 |
| ആകെ | 81676197 |
| ചെലവ് | 66364531 |
| നീക്കിയിരിപ്പ് | 15311666 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വി.ഫ.ജനറൽ | 0 | 14001715 | 14001715 | 14001715 | |
| വി.ഫ.എസ്സ്.സി.പി | 0 | 5995100 | 5995100 | 5995100 | |
| വി.ഫ.ടി.എസ്സ്.പി | 0 | | | | |
| മെയ്ന്റനൻസ് -റോഡ് | 0 | 3715751 | 3715751 | 3715751 | |
| മെയ്ന്റനൻസ് -നോൺ റോഡ് | 0 | 2092733 | 2092733 | 2092733 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5363531 | 5363531 | 5363531 | 0 |
| എസ്.ബി.എഐ ഓൺ ഫണ്ട് | 5219894 | 14399858 | 19619752 | 12516215 | 7103537 |
| എസ്.ബി.എഐ ഇ പേമെന്റ് | 45826 | 148527 | 194353 | 31696 | 162657 |
| ഇ.ഡി.സി.ബി മുളന്തുരുത്തി | 372150 | 69881 | 4420301 | 6850 | 435181 |
| എസ്.റ്റി.എസ്.ബി3 | 3919802 | 12633420 | 16553222 | 16101743 | 451479 |
| എസ്സ്.ബി.റ്റി-ഡിസ്ട്രസ് റിലീഫ്ഫണ്ട് | 31778 | 7330 | 39508 | 0 | 39508 |
| എ.എൻ.ആർ.ഇ.ജി.എസ് | 8022 | 27672000 | 27680022 | 27677644 | 2378 |
| സാലറി അക്കൌണ്ട് യൂണിയൻ ബാങ്ക് | 022819 | 96146 | 118965 | 116672 | 2293 |
| ട്രഷറി TSB-ജോയിന്റ് വെൻച്വർ | 3980800 | 6020852 | 10001652 | 6805292 | 3196360 |
| ജനകീയ ഭവനം | 16969 | 601 | 17570 | 0 | 17570 |
| ബി ഫണ്ട് | 0 | 43589380 | 43589380 | 43589380 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 199170 | 434682 | 633852 | 120000 | 513852 |
| ലൈഫ് ഹൌസിംഗ് സ്കീം | 24000 | 1862890 | 1886890 | 1886764 | 126 |
| യു.ബി.ഐ.-സി.എസ്.ആർ. ഫണ്ട് | 0 | 3293200 | 3293200 | - | 3293200 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 2018-19 | 171 | 103 | 59 | 9 | 94.73 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8022 | 639571 | 647593 | 645215 | 2378 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00.00 | 27032429 | 27032429 | 27032429 | 00.00 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 149880 | 89 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 10056100 | 792 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 11240400 | 930 |
| വാർദ്ധക്യകാല പെൻഷൻ | 17513800 | 1596 |
| വികലാംഗപെൻഷൻ | 3724200 | 295 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 643000 | 54 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2019 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8700/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്.

ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൂർണ്ണമായും തൃപ്തികരമല്ല. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ ഇനിയും ആസ്തിയിൽ ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്നു. എല്ലാ വൗച്ചറുകളും പ്രസിഡന്റ് ഒപ്പ് വെച്ച് ആധികാരികമാക്കേണ്ടതാണ്.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്വം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തേണ്ടതാണ്. പല പദ്ധതികളുടെയും ഫയലിൽ മോണിട്ടറിങ്ങ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-06-19 | 05/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-3-18 | 2012-13 to 2016-17 | A.B.A.H.Q/II/III/8A-3/18-19/5 dt1-5-18 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ.

1. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
2. വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാന അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.
3. 2018-19 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കേരളാ വാട്ടർ അതോറിട്ടിക്ക് നൽകിയ തുക ബാലൻസ് ഷീറ്റ് ബി -18

ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. സ്ഥിര നിക്ഷേപമിനത്തിൽ 2018-19 വർഷം പലിശ ഇനത്തിൽ നിക്ഷേപത്തോടൊപ്പം കൂട്ടിച്ചേർക്കേണ്ട 29290/- രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

# 1-13 ഓഡിറ്റ് ഇംപാക്റ്റ്

പ്രൊജക്റ്റ് നം. 79/19 - ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിയുടെ - ടെണ്ടർ കുറവ് ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (1/2018-19/27.06.19)നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 13672/- രൂപ 27.06.2019 ലെ 11902010161 1 - നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

കീച്ചേരി സർവ്വീസ് സഹകരണബാങ്കിന്റെ കാഞ്ഞിരമറ്റം, അരയൻകാവ്, അരയൻകാവ് (പ്രഭാത സായാഹ്നശാഖ) എന്നീ ശാഖകളിൽ നിന്നും 2018 -19 സാമ്പത്തികവർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/27.6.19) ലഭ്യമാക്കിയ മറുപടിയിൽ വളരെ കുറച്ച് സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങളായതിനാലാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കാതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സ്ഥാപനങ്ങളിൽ നിന്നും വാർഷിക ടേൺ ഓവർ സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കി സ്ഥാപന തൊഴിൽ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

# 2-2 ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര്/ വാർഡ് നമ്പർ / വീട്ടുനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഹോട്ടൽ ഈഡൻ ഗാർഡൻ | രാജൻ ജേക്കബ്, 14/95എ | 12 |
| 2 | ഷാരോൺ ഇൻഡസ്ട്രീസ് | ഷാഹിന റഷീദ്, 15/667 | 09 |
| 3 | ഗാലക്സി ടൈൽസ് & ഗ്രാനൈറ്റ്സ് | സാബു എം.പി, 7/88എ | 10 |
| 4 | ഭാരതി ഇലക്ട്രിക്കൽ അപ്ലയൻസസ് | പി.കെ.സുധാകരമേനോൻ, 15/560 | 14 |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/27.2.19) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങളിൽ 60 ദിവസത്തിൽ കുറച്ചു ദിവസങ്ങളിൽ മാത്രമാണ് ജീവനക്കാർ ഉള്ളതെന്നും മറ്റ് സമയങ്ങളിൽ ഉടമസ്ഥൻ മാത്രമാണ് ജീവനക്കാരനായി ഉള്ളത് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള

സ്ഥാപനരജിസ്റ്റർ സൂക്ഷിക്കേണ്ടതും, സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന വിവരങ്ങളിൻമേൽ അന്വേഷണം നടത്തി 60 ദിവസത്തിൽ കൂടുതൽ ദിവസങ്ങളിൽ ജോലിക്ക നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 2-3 സ്കൂളിന്റെ പെർമിറ്റ്/ റെഗുലറൈസേഷൻ - അപാകത

ഫയൽ നം . ബി 7137 / 2019

പെർമിറ്റ് നം . B-BA(12251)/2019/14.11.2018

മേൽ നമ്പർ പെർമിറ്റ് പ്രകാരം കാഞ്ഞിരമറ്റം സെന്റ്. ഇഗ്നേഷ്യസ് ചർച്ച് സ്കൂളിന്റെ പുതിയ കെട്ടിടം പണിയുന്നതിനായി പെർമിറ്റ്/ റെഗുലറൈസേഷൻ അനുമതി നൽകിയിരുന്നു. സമർപ്പിച്ച അപേക്ഷ പ്രകാരം 1824.41 ച.മീ. കെട്ടിടത്തിന്റെ പെർമിറ്റ് /റെഗുലറൈസേഷൻ അനുവദിക്കുന്നതിനാണ് അപേക്ഷ നൽകിയിരുന്നത്. 22.05.19 തീയതിയിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോർ + ഫസ്റ്റ് ഫ്ളോർ ഭാഗം നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.14 ലെ DB5/9495/2009/CE/LSGD നമ്പർ സർക്കുലർ പ്രകാരം പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ 1.25 % സൂപ്പർവിഷൻ ചാർജ് ഈടാക്കണമെന്നും പെർമിറ്റ് നൽകുമ്പോൾ ടി വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ സൂപ്പർവിഷൻ ചാർജ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. സൂപ്പർവിഷൻ ചാർജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ആശുപത്രികൾക്ക് മരുന്നുവാങ്ങൽ - മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു - തുക തടസ്സപ്പെടുത്തുന്നു.

**1. ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ 61708/-രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 062/19 ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് റോഡിതരം |
| അടങ്കൽ | 5 ലക്ഷം |
| ബിൽ നമ്പർ | 01/18-19 തീയതി 13.12.18 |

മേൽ വിവരിച്ച പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി 5 ലക്ഷം രൂപ ഔഷധി, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ പി എൻ ബി 5913005900000015). കോർ ബാങ്ക് രസീത് നമ്പർ 1400906112 തീയതി 13.12.18 പ്രകാരം തുക ലഭിച്ചതായി ഔഷധി അറിയിച്ചിട്ടുണ്ട്. എന്നാൽ 438292/-രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെയും ലഭ്യമാക്കിയിട്ടുള്ളത്. 61708/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2. ഹോമിയോ മെഡിക്കൽ ക്യാമ്പിന് മരുന്നുവാങ്ങൽ - 10000/- രൂപയുടെ മരുന്ന് ലഭ്യമാക്കിയില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 065/19 ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് റോഡിതരം |
| അടങ്കൽ | 10000/- |
| ബിൽ നമ്പർ | 03/18-19 തീയതി 20.03.19 |

മേൽ വിവരിച്ച പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി 10000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴക്ക് നൽകിയിട്ടുണ്ട് (എസ് ബി ഐ അക്കൗണ്ട് നമ്പർ 34306403911). തുക ലഭിച്ചതായി രസീത് നമ്പർ 1323 തീയതി 30.3.19 പ്രകാരം സ്ഥാപനം അറിയിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. 10000/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക -പഞ്ചായത്തിന് ഭീമമായ ബാധ്യത

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 06/ 2018 ലെ ബിൽ പ്രകാരം മുൻബാക്കി 4189703/-രൂപയായിരുന്നു. ടി തുകയ്ക്ക് 2% ഫൈൻ ഓരോ മാസവും ചുമത്തുന്നുണ്ട്. അതു വഴി അടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയിൽ സാരമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു. തൻ വർഷം അതാതുമാസത്തെ വെള്ളക്കരം മാത്രം അടയ്ക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തു വരുന്നത്.എന്നാൽ കുടിശ്ശിക തുക അടയ്ക്കുന്നതിനോ അദാലത്ത് പോലെയുള്ള സംവിധാനം പ്രയോജനപ്പെടുത്തി കുറയ്ക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നില്ല. 3/2018 ൽ 157195/- രൂപ കുടിശ്ശിക ഇനത്തിൽ അടച്ചതായി കാണുന്നു.(പ്രൊ. നം. SO 210/2019). ഇത് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റിൽ നിന്നും നേരിട്ട് കുറയ്ക്കുകയാണ് ചെയ്തത്. വാട്ടർ ചാർജ്ജിനത്തിൽ തുക ബാലൻസ് നിൽക്കുവാനും ടി തുകയുടെ ഫൈൻ ഉൾപ്പെടെ ബാലൻസ് തുക വർദ്ധിയ്ക്കുവാനും ഇടയായതിനും, കുടിശ്ശിക തുക അടയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു.

KWA- യുടെ ബിൽ പ്രകാരം 457 വാട്ടർ ടാപ്പുകൾ നിലവിലുള്ളതായി കാണിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 199938/-രൂപ ഗ്രാമപഞ്ചായത്ത് അടയ്ക്കുന്നുണ്ട്. GO(Rt) 1501/2006/LSGD/23.06.2006, GO(Rt)2242/2011/LSGD/28.09.2011 എന്നിവയുടെ അടിസ്ഥാനത്തിൽ KWA-യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിനുള്ള പരിശോധന നടത്തി പ്രവർത്തിക്കാത്തതും, ആവശ്യമില്ലാത്തതുമായ ടാപ്പുകൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ നിലവിൽ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഭീമമായ തുക വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് അടക്കേണ്ടിവരുന്നു. കൂടാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡിയും നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ KWA-യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിനുള്ള പരിശോധന അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 NRHM - അറ്റൻഡറുടെ വേതനം നൽകുന്നതിലെ അപാകത

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആമ്പല്ലൂർ NRHM ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡറുടെ വേതനം നിലവിൽ എല്ലാ മാസവും പഞ്ചായത്ത് ഫണ്ടിൽ നിന്നും നേരിട്ടാണ് നൽകുന്നത്. എന്നാൽ 28/12/2012- ലെ GO (Rt) No. 3604/2012/LSGD - നമ്പർ ഉത്തരവ്, 06/02/2013- ലെ GO (Rt) No. 328/2013/LSGD - നമ്പർ ഉത്തരവ് എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ടി ജീവനക്കാർക്ക് വേതനം നേരിട്ട് നൽകുന്നതിന് പകരം NRHM - ന് തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് മെഡിക്കൽ ഓഫീസർ മുഖേന വേതനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തി - ടെണ്ടർ കുറവ് ബില്ലിൽ കുറച്ചില്ല.

പ്രൊജക്റ്റ് നം. 86/19 - മാരിത്താഴം കോളനി റോഡ് റീടാറിങ് (ബിൽ നം. 24/18-19 തീയതി 16.02.19)

നാല് ലക്ഷം രൂപ സാങ്കേതികാനുമതി ലഭിച്ച ഈ പദ്ധതിക്ക് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത പ്രഹ്ളാദൻ, മട്ടക്കയിൽ, കീഴൂറി (എസ്റ്റിമേറ്റിലും 8.01% താഴെ) എന്നയാൾക്ക് പദ്ധതിയുടെ കരാർ നൽകി. ഫൈനൽ ബിൽ പ്രകാരം പ്രവൃത്തിയുടെ ആകെ വേല മൂല്യം 367013.42/- രൂപയാണ്. എസ്റ്റിമേറ്റ് തുകയായ 387908/- രൂപയുടെ 8 .01 % കുറവ് തുകയായ 356837/- രൂപ നികുതികൾ ഉൾപ്പെടെ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ യഥാർത്ഥ വേല മൂല്യത്തിന്റെ 8.01 % കുറവ് തുകയായ 337615.65 രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്. ആയതിനാൽ ഈ ഇനത്തിൽ 19221.35 രൂപ കൂടുതൽ നൽകിയതായി കാണുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| സെക്രട്ടറി | കേരളാ വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മൂവാറ്റുപുഴ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (SO 152/19 ) | ഫണ്ട് ട്രാൻസ്ഫർ മുഖേന | 1253496 |
| സെക്രട്ടറി | കേരളാ വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മൂവാറ്റുപുഴ | ആക്കാപ്പനം ആംഗനവാടിക്ക് വാട്ടർ കണക്ഷൻ എടുക്കൽ (SO 185/19) | ഫണ്ട് ട്രാൻസ്ഫർ മുഖേന | 36000 |
| | | | **ആകെ** | **1289496** |

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ 12,89,496/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഷീ പാഡ് പദ്ധതി- പദ്ധതി നടപ്പാക്കിയിട്ടില്ല

ഹെഡ്മിസ്ട്രസ്സ്, നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കുന്ന സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതി (പ്രൊജക്ടിന്റെ നം. - എസ് 0207/19) പ്രകാരം പഞ്ചായത്തിലെ തെരെഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ വിദ്യാർത്ഥിനികളുടെ ആവശ്യത്തിലേക്കായി സാനിറ്ററി നാപ്കിൻ, ഇവ സൂക്ഷിക്കുന്നതിന് അലമാര, ഉപയോഗിച്ചതിനു ശേഷം ഇവ പ്രകൃതിക്ക് കേടുകൂടാതെ കത്തിക്കുന്നതിനാവശ്യമായ ഇൻസിനറേറ്റർ എന്നിവ അതാത് സ്കൂളുകൾക്ക് നല്കുന്നതിന് ഈ പ്രൊജക്ട് ലക്ഷ്യമിടുന്നു. സാമൂഹ്യനീതിവകുപ്പിനു കീഴിലുള്ള കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ് എന്ന ഏജൻസിയിൽ നിന്നും 250 പെൺകുട്ടികൾക്ക് ഒരു ഇൻസിനറേറ്റർ, ഒരു പെൺകുട്ടിക്ക് പ്രതിമാസം 2 പാക്കറ്റ് സാനിറ്ററി നാപ്കിൻ, 150 പെൺകുട്ടികൾക്ക് ഒരു അലമാര എന്ന തോതിലും പ്രൊജക്ട് നടത്തിപ്പിനാവശ്യമായ തുകയുടെ 50 ശതമാനം തുക മുൻകൂറായും ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന പക്ഷം ബാക്കി തുകയും നല്കണമെന്ന വ്യവസ്ഥയിലുമാണ് പ്രൊജക്ട് നടപ്പാക്കുവാൻ ഉദ്ദേശിച്ചത്. ഇതിനായി 2018-19 വർഷം 109041/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ 109041/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, എറണാകുളം | 2018-19 | 258600/- | പാലിന് സബ്സിഡി | 258600/- | 0 |
| ജില്ലാ പഞ്ചായത്ത്, എറണാകുളം | 2018-19 | 262500/- | ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ് | 200000/- | 62500 |
| ജില്ലാ പഞ്ചായത്ത്, എറണാകുളം | 2017-18<br>2018-19 | 3000000/-<br>1000000/- | ഭവന നിർമ്മാണം LIFE | 4000000/- | 0 |
| ജില്ലാ പഞ്ചായത്ത്, എറണാകുളം | 2018-19 | 115992/- | നെൽകൃഷി കൂലിചിലവ് | 113492/- | 2500 |
| ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി | 2018-19 | 150000/- | പാലിന് സബ്സിഡി | 150000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി | 2018-19 | 100000/- | ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ് | 100000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി | 2017-18<br>2018-19 | 557500/-<br>1479600/- | ഭവന നിർമ്മാണം LIFE | 1717000/- | 320100 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 591300/- | LIFE ഭവന പദ്ധതി | 191300/- | 400000 |

| | | | | | |
|---|---|---|---|---|---|
| മുളന്തുരുത്തി | | | (എസ് സി പി) | | |
| ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി | 2017-18 | 413260 | അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 413260 |
| ജില്ലാ പഞ്ചായത്ത്, എറണാകുളം | 2018-19 | 500000/- | ജെന്റർ റിസോഴ്സ് കൗൺസലിങ് സെന്റർ | 500000/- | 500000 |
| ജില്ലാ പഞ്ചായത്ത്, എറണാകുളം | 2018-19 | 1498000/- | കുലയറ്റിക്കര എസ്.സി.കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 0 | 1498000 |
| ഇന്ത്യൻ ഓയിൽ കോർപറേഷൻ സി.എസ് ആർ ഫണ്ട് | 2018-19 | 3293200 | സ്കൂൾ കെട്ടിടം പണിയുന്നതിന് | 0 | 3293200 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി പി. എച്ച്. ഡിവിഷൻ മൂവാറ്റുപുഴ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (SO 152/19 ) | ഫണ്ട് ട്രാൻസ്ഫർ മുഖേന | 1253496 | 0 | 1253496 |
| കേരളാ വാട്ടർ അതോറിറ്റി പി. എച്ച്. ഡിവിഷൻ മൂവാറ്റുപുഴ | ആക്കാപ്പനം ആംഗനവാടിക്ക് വാട്ടർ കണക്ഷൻ എടുക്കൽ (SO 185/19) | ഫണ്ട് ട്രാൻസ്ഫർ മുഖേന | 36000 | 0 | 36000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | | 8733305 | 714415 | 714415 | | 0 |
| കെ.യു.ആർ.ഡി.എഫ്.സി. ലോൺ (ലൈഫ്) | | 4651764 | 4651764 | 0 | - | 4651764 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1199586 |
| തൻവർഷം നിക്ഷേപിച്ച തുക | 101021 |
| ആകെ | 1300627 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1300627 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| FD8686/16 /01.07.17, കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 526489 |
| 15720/05.09.2012കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 373873 |
| എറണാകുളം ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് 014385000000003/19.06.17 | 400265 |
| **ആകെ** | **1300627** |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം.**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67727561 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66364531 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19222 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1470245 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | - | 19222 | ശ്രീമതി ശോഭിനി റ്റി.വി. അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 71708 | ശ്രീമതി എ.കെ.റാണി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-5 | 1289496 | ശ്രീമതി സമീന ബി., സെക്രട്ടറി |
| 3-6 | 109041 | ശ്രീമതി ആലീസ് എബ്രാഹാം, ഹെഡ്മിസ്ട്രസ്, കാഞ്ഞിരമറ്റം ജി.എൽ.പി.എസ്. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി ശോഭിനി റ്റി.വി. അസി. എഞ്ചിനീയർ | - | കൃഷ്ണപ്രഭ, മണീട് പി.ഒ. എറണാകുളം – 686664 |
| 2 | ഡോ.എ.കെ.റാണി മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | - | ഗംഗോത്രി, ജനതാ ലൈൻ, വൈറ്റില പി.ഒ. എറണാകുളം |
| 3 | ശ്രീമതി സമീന ബി. സെക്രട്ടറി | - | വൈശാഖ്, പാലത്തിങ്കൽ റോഡ്, തിരുവാങ്കുളം പി.ഒ. എറണാകുളം |
| 4 | ശ്രീമതി ആലീസ് എബ്രാഹാം ഹെഡ്മിസ്ട്രസ് | - | അത്തപ്പാടത്ത് കാണിനാട് പി.ഒ. 682310 |

# 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | റിപ്പോർട്ട് നമ്പർ |
|---|---|
| 1998-99 | P438/200021.10.2000 |
| 1999-2000 | P41258/01/05.08.02 |
| 2002-2003 | P4 638/04/05.02.05 |
| 2003-2004 | P6 1262/09/16.11.10/05.03.11 |
| 2006-2007 | P6 1265/10/27.11.10 |
| 2007-2008 | P2 1266/09.04.12 |
| 2009-2010 | P6 1671/11/21.07.12/10.08.12 |
| 2010-2011<br>2011-2012 | P6 813/13/22.06.13/05.07.13 |
| 2012-2013 | P6 489/14/17.05.14 |
| 2013-2014,<br>2014-2015 | P6 1987/15/08.01.16 |
| 2015-2016 | P6 1900/2016/30.11.16 |
| 2016-2017 | P6 1406/17/27.07.17/26.09.17 |
| 2017-2018 | P6 632/18/27.07.17/14.09.18 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19**സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ **2018-19**സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ഡെപ്യൂട്ടി ഡയറക്ടർ**

**ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. സ.ഉ.(എം.എസ്) 152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

2. വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

3. 2018-19 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കേരളാ വാട്ടർ അതോറിട്ടിക്ക് നൽകിയ തുക ബാലൻസ ഷീറ്റ് ബി -18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. സ്ഥിര നിക്ഷേപമിനത്തിൽ 2018-19 വർഷം പലിശ ഇനത്തിൽ നിക്ഷേപത്തോടൊപ്പം കൂട്ടിച്ചേർക്കേണ്ട 29290/- രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. പ്യൂരിഫിക്കേഷന് ശേഷം വസ്തുനികുതി ഡിമൻഡ് വ്യത്യാസങ്ങളുടെ (1-18, prior period items) വിശദവിവരങ്ങൾ കെട്ടിട നം. സഹിതം) ഹാജരാക്കിയിട്ടില്ല.

.

**ഡെപ്യൂട്ടി ഡയറക്ടർ**

## ANNEXURE I

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Amballoor Grama Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section ‘ 4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Amballoor Grama Panchayat** for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

*ANNEXURE*

## Abstract of Defects

1. The asset register is not updated completely including Land owned by the Panchayat and reconciled with the Annual Financial Statement.

2. The Basic Ratios and notes on accounting policy are not furnished with Annual Financial Statement.

3. The amount deposited with Kerala Water Authority in the year 2018-19 is not included in B-18 schedule of the Balance Sheet.

4. The interest on fixed deposit received Rs. 29290/- in the year 2018-19 is to be included in the Investment. But the amount is not included in the Annual Financial Statement.

5. Prior period income of Property tax is adjusted vide schedule I-18. But the authority for the adjustment along with building numbers is not produced for verification.

**DEPUTY DIRECTOR**